# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 67

11.03.2015 ലെ മറുപടിക്ക്

### ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി

**ചോദ്യം**

**ശ്രീ. സി.എഫ്.തോമസ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. റ്റി.യു.കുരുവിള**

എ) ടൂറിസം സാദ്ധ്യതകൾ പ്രയേജനപ്പെടുത്തുന്നതിന് നടപ്പാക്കിവരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ടേക്ക് എ ബ്രേക്ക്

   വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ ടോയ്ലറ്റ്, പാർക്കിംഗ് ഏരിയ, ക്ലോക്ക് റൂം, സുവനീർ ഷോപ്പുകൾ മുതലായ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാഥമിക ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖത്ത് നടപ്പാക്കി വരുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്.

2. കേരള സീപ്ലെയിൻ പ്രോജക്ട്

   കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങൾ കൂടി ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് വിമാനത്താവളങ്ങൾക്ക് പുറമേ ആദ്യ ഘട്ടത്തിൽ കൊല്ലം ആശ്രാമം, ആലപ്പുഴ, വട്ടക്കായൽ എന്നീ സ്ഥലങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(......2)

3. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്

കായലോര വിനോദ സഞ്ചാരം ഒരു ശൃംഖലയായി രൂപപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

4. സ്പൈസ് റൂട്ട് പദ്ധതി:

സ്പൈസ് റൂട്ട് പദ്ധതി രൂപീകരണം അതിന്റെ പ്രാരംഭ ദിശയിലാണ്. പുരാതന കാലത്ത് വ്യാപാരബന്ധം പുലർത്തിയിരുന്ന ഏഷ്യാ, ഫാർ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക, ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുക, എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര സംഘടനയായ UNESCO യുടെ പ്രാമുഖ്യത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാൽ ഈ പദ്ധതിയിൽ ഒരു ആഗോള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇതിനെ അന്താരാഷ്ട്ര തലത്തിൽ ഉയർത്തിക്കാട്ടുന്നതിനും സാധ്യമാകുന്നതാണ്.

5. പിൽഗ്രീം ടൂറിസം:

പിൽഗ്രീം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, മലയാറ്റൂർ പള്ളി, ചേരമാൻ ജുമാ മസ്ജിദ്, ശബരിമല എന്നീ തീർത്ഥാടന കേന്ദ്രങ്ങളുടെ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ നടപടി ആരംഭിച്ചു കഴിഞ്ഞു.

കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി-മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ട്, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ വാലി എന്നിവയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.

| | |
|---|---|
| ബി) ടൂറിസം കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും പുതിയ പദ്ധതികളും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിമാനത്താവളങ്ങളിൽ നിലവിലുള്ള Information Counter-കളുടെ സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും, അതിനെ ബ്രാൻഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി PPP മോഡലിലുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**